## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. 293 — 20.06.2018 ൽ മറുപടിയ്ക്ക്

## ജയിലുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ഡി.കെ.മുരളി<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. കെ.ജെ. മാക്സി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജയിലുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർ ഉത്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ ലഭ്യമാക്കുന്നതിന് ജയിലുകളോടനുബന്ധിച്ച് വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഉണ്ട് . തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും തുറന്ന ജയിൽ, നെട്ടുകാൽത്തേരി, ചീമേനി എന്നിവിടങ്ങളിലും കൃഷി ചെയ്യുന്ന ജൈവ പച്ചക്കറികൾ അതത് ജയിൽ കൗണ്ടറുകൾ വഴി പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തി വരുന്നു. കൂടാതെ സർക്കാർ സംഘടിപ്പിക്കുന്ന ഫെസ്റ്റുകളിൽ പങ്കെടുത്തുകൊണ്ട് പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നുണ്ട്. ഓണം, വിഷു തുടങ്ങിയ വിശേഷ അവസരങ്ങളിൽ ജയിൽ കവാടത്തിൽ പ്രത്യേക സ്റ്റാൾ വഴി ഇവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പുറമേ ജയിൽ പച്ചക്കറികൾ കൂടുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി നഗര കേന്ദ്രങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും ഇവയുടെ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | തടവുകാർക്ക് ശിക്ഷാ കാലയളവിന് ശേഷം പരാശ്രയമില്ലാതെ ജീവിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (സി) | ഉണ്ട്. തടവുകാർക്ക് ശിക്ഷാ കാലയളവിനുശേഷം പരാശ്രയമില്ലാതെ ജീവിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ ജയിലുകളിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതി പ്രകാരം ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരം നൽകി വരുന്നു. (വിശദ വിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു) |
| (ഡി) | നിരക്ഷരരായ തടവുകാരെ സാക്ഷരരാക്കുന്നതിനായി ജയിൽ ജ്യോതി സാക്ഷരത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) | ഉണ്ട്. നിരക്ഷരർ ഇല്ലാത്ത ജയിൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷന്റെയും ജയിൽ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ '' ജയിൽ ജ്യോതി ''എന്ന പദ്ധതി പ്രകാരം നിരക്ഷരരായ തടവുകാർക്ക് സാക്ഷരതാ ക്ലാസ്സുകൾ, തുടർ പരീക്ഷകൾ എന്നിവ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## തടവുകാർക്ക് നൽകി വരുന്ന തൊഴിൽ പരിശീലനങ്ങൾ

1) കംമ്പ്യൂട്ടർ പരിശീലനം
2) ഡ്രൈവിംഗ് പരിശീലനം
3) ഹെയർ കട്ടിംഗ് സലൂൺ & ബ്യൂട്ടി പാർലർ
4) ഫ്ലവർ വെയ്സ്/ക്യാരീ ബാഗ്/പേപ്പർ ബാഗ് നിർമ്മാണം
5) സ്ക്രീൻ പ്രിൻറിംഗ്
6) ഫയൽ ബോർഡ്/റൈറ്റിംഗ് ബോർഡ്/ഫോൾഡിംഗ് ഫയൽ നിർമ്മാണം
7) ഇലക്ട്രീഷ്യൻ കോഴ്സ് പരിശീലനം
8) നെറ്റിപ്പട്ട നിർമ്മാണം
9) സീഡ് & നേഴ്സറി യൂണിറ്റ്
10) വയർമാൻ കോഴ്സ്
11) ഇലക്ട്രിക്ക് വയറിംഗ് കോഴ്സ്
12) കംമ്പ്യൂട്ടർ ഹാർഡ് വെയർ & മെയ്ന്റനൻസ് കോഴ്സ്
13) പ്ലംമ്പിംഗ്
14) കുട നിർമ്മാണ പരിശീലനം
15) ജൈവ കൃഷി
16) തയ്യൽ പരിശീലനം
17) പേപ്പർ കവർ/ മെഴുക് തിരി
18) ചന്ദന തിരി/ സോപ്പ നിർമ്മാണം
19) ടയർ പഞ്ചർ യൂണിറ്റ്
20) ആധുനിക ബ്യൂട്ടി പാർലർ
21) യന്ത്രം ഉപയേഗിച്ചുള്ള തെങ്ങു കയറ്റ പരിശീലനം
22) വാഹനങ്ങളുടെ റിപ്പയറിംഗ്
23) എൽ.ഇ.ഡി. ബൾബ് നിർമ്മാണം
24) ജൈവ വള/ കീടനാശിനി നിർമ്മാണം
25) ടെലിവിഷൻ മെക്കാനിസം
26) തടി കളിപ്പാട്ട നിർമ്മാണം
27) മൃദു പാവ നിർമ്മാണം
28) ബേക്കറി യൂണിറ്റ്
29) ഓഫീസ് ഓട്ടോമേഷൻ
30) പാചക പരിശീലനം
31) ഫാഷൻ ഡിസൈനിംഗ്
32) മൊബൈൽ ഫോൺ റിപ്പയറിംഗ്
33) ഡി.റ്റി.പി. പരിശീലനം
34) വെൽഡിംഗ്
35) അലുമിനിയം ഫാബ്രിക്കേഷൻ
36) ചെണ്ടമേളം
37) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
38) പൂച്ചട്ടി നിർമ്മാണം

39) ഫിനോയിൽ/ സോപ്പ പൊടി നിർമ്മാണം
40) ഫർണീച്ചർ നിർമ്മാണം
41) കൂൺ കൃഷി
42) അച്ചാർ/സ്ക്വാഷ് നിർമ്മാണം
43) ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
44) ലൈബ്രറി സയൻസ്
45) യോഗ & മെഡിറ്റേഷൻ
46) നഴ്സറി ടീച്ചർ ട്രെയിനിംഗ്
47 )ഫോട്ടോഗ്രഫി
48) ടൂ വീലർ മെക്കാനിസം
49) ഫാബ്രിക്ക് & ഗ്ലാസ്സ് പെയ്ന്റിംഗ്
50) സോളാർ എനർജി & സോളാർ മെയ്ന്റനൻസ് സർവ്വീസ്
51) വീഡിയോ എഡിറ്റിംഗ്
52) റഫ്രിജറേഷൻ &എയർ കണ്ടീഷനിംഗ്
53) ചോക്ക് നിർമ്മാണം
54) മുട്ട കോഴി വളർത്തൽ
55) പഞ്ചകർമ്മ തെറാപ്പി കോഴ്സ്
56) ഷോർട്ട് ഫിലിം/ ഡോക്യുമെന്ററി പ്രൊഡക്ഷൻ
57) വെർമി കമ്പോസ്റ്റ്, ജീവാമൃതം നിർമ്മാണം
58) ചെങ്കല്ല് വെട്ട് ട്രെയിനിംഗ്
59) കുഷ്യൻ മേക്കിംഗ്
60) കരകൗശല വസ്തുക്കളുടെ നിർമ്മാണം
61) എണ്ണ പലഹാര നിർമ്മാണം
62) പപ്പട നിർമ്മാണം

സെക്ഷൻ ഓഫീസർ